(6) ഭൂതത്താൻകെട്ട് മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടും പോത്താനിക്കാട് സബ് സ്റ്റേഷൻ പണിയും ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. വി. ജെ. പൗലോസ് : സർ, ഈ സബ്മിഷനിലൂടെ സഭയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് വൈദ്യുതിയുടെ ജനറേഷൻ സംബന്ധിച്ചും ഡിസ്ട്രിബ്യൂഷൻ സംബന്ധിച്ചുമാണ്. ഒന്നാമത്തേത്, സംസ്ഥാനത്തെ മുഴുവൻ ബാധിക്കുന്ന വിഷയമാണ്. രണ്ടാമത്തേത്, എന്റെ നിയോജകമണ്ഡലത്തെ ബാധിക്കുന്നതാണ്. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് വിഭാവന ചെയ്തപ്പോൾ ഭൂതത്താൻകെട്ട് ബാരേജിൽ ശേഖരിക്കുന്ന വെള്ളം ഒരു നിശ്ചിത അളവിൽ പെരിയാറിനു താഴെ ആലുവാ ഭാഗത്തേയ്ക്കുകൂടി കുടിവെള്ളത്തിന്റെ ആവശ്യത്തിനുവേണ്ടി തുറന്നുവിടുന്നതിലൂടെ വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം പാഴായി പോകുന്ന ജലം ഉപയോഗിച്ച് 16 മെഗാവാട്ട് ഉൽപ്പാദിപ്പാക്കാമെന്ന് മനസ്സിലാക്കി നടപടികൾ സ്വീകരിച്ച് മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് ഏതാനും വർഷങ്ങളായി. .അതിന്റെ 71 ശതമാനം പണികൾ പൂർത്തിയായി. നാലഞ്ചുവർഷമായിട്ട് അതേ നിലയിൽ തുടരുകയാണ്. ഗുരുതരമായ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന കാലഘട്ടത്തിൽ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കി ആ വൈദ്യുതി നാടിന് ഉപകാരപ്രദമാകുന്ന രീതിയിലേയ്ക്ക് ഉൽപ്പാദിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഡിസ്ട്രിബ്യൂഷനെ സംബന്ധിച്ച് പോത്താനിക്കാട് ഒരു പുതിയ സബ് സ്റ്റേഷൻ ആരംഭിച്ച് അവിടത്തെ വൈദ്യുതി വിതരണത്തിലുള്ള തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി ബോർഡ് നിർദ്ദേശിച്ച പോത്താനിക്കാട് സബ് സ്റ്റേഷൻ 10 വർഷമായിട്ടും അതിന്റെ പണി ആരംഭിക്കുവാനോ മറ്റ് നടപടി സ്വീകരിക്കുവാനോ കഴിയാത്ത സാഹചര്യത്തെ സംബന്ധിച്ചും ഈ സഭയിൽ അടിയന്തിരമായി നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ, 16 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ഭൂതത്താൻകെട്ട് ജല വൈദ്യുത പദ്ധതി കൃാപ്റ്റീവ് പ്ലാൻ ആയി മെസേഴ്സ് സിലിക്കൽ മെറ്റലർജിക് ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയിട്ടുള്ളതാണ്. പദ്ധതിക്കുവേണ്ടി ഇറിഗേഷൻ വകുപ്പിൽനിന്ന് 2.18 ഹെക്ടർ സ്ഥലം വിട്ടുനൽകേണ്ടതുണ്ട്. സ്ഥലം കൈമാറ്റം ചെയ്യാത്തതിനാൽ 1999 മുതൽ പണി മുടങ്ങിയിരിക്കുകയാണ്. 25 ശതമാനം സിവിൽ വർക്സ് അവിടെ ചെയ്തിട്ടുണ്ട്. ഭൂതത്താൻകെട്ട് ബാരേജിന്റെ ഗേറ്റുകളുടെ അറ്റകുറ്റപണികൾ ചെയ്യുന്നതു സംബന്ധിച്ച് തീരുമാനം ആകാത്തതിനാലാണ് സ്ഥലകൈമാറ്റം വൈകിയത്. ഭൂതത്താൻകെട്ട് ബാരേജിന്റെ ഗേറ്റുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി ഒരു കോടി രൂപ ചെലവഴിക്കുവാൻ കമ്പനി തയ്യാറായിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്യുന്നതിന് ജല വിഭവ വകുപ്പിനോട് പവർ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. സമയബന്ധിതമായി പണികൾ പൂർത്തീകരിച്ചില്ലെങ്കിൽ കരാർ റദ്ദുചെയ്തു പദ്ധതി പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

പോത്താനിക്കാട് ഒരു 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എ.ആർ.എം. കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. എന്നാൽ ഈ കമ്പനി യഥാസമയം എഗ്രിമെന്റ് വച്ച് പണി തുടങ്ങാത്തതിനാൽ കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. നിർദ്ദിഷ്ട 33 കെ.വി. സബ് സ്റ്റേഷനുപകരം 110 കെ.വി. സബ് സ്റ്റേഷൻ പോത്താനിക്കാട് ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

IV തിരുത്ത്

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, 26-6-2003-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ ഉന്നയിച്ച സബ്മിഷനുള്ള മറുപടി നൽകവേ, എം.ബി.ബി.എസ്. വിദ്യർത്ഥികൾ ട്യൂഷൻ ഫീസായി 16,500 രൂപ (2002-2003 അദ്ധ്യയനവർഷത്തേയ്ക്ക്) അടയ്ക്കണമെന്നാണ് ഞാൻ സഭയിൽ പ്രസ്താവിച്ചത്. ആയത് ശരിയല്ലെന്നും 8,750 രൂപയേ അടയ്ക്കേണ്ടതുള്ളൂ എന്നും ഞാൻ ബോധിപ്പിക്കുന്നു.

V ധനകാര്യം

2003-2004 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004				
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XX	ശുദ്ധജലവിതരണവും ശുചീകരണവും	1,01,38,92,000	3,33,33,000	2,02,77,82,000	6,66,67,000	2,09,44,49,000
XXXVIII	ജലസേചനം	38,08,35,000	42,00,44,000	76,16,68,000	84,00,84,000	1,60,17,52,000
XXXIV	വനം	58,91,88,000	1,40,00,000	1,17,83,76,000	2,80,00,000	1,20,63,76,000

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly